പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1522 12.06.2019 ലെ മറുപടിക്ക്

## ഹരിതകേരളം മിഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ. വിജയൻപിള്ള | ശ്രീ. വി.എസ്. സുനിൽകുമാർ<br>കൃഷിവകുപ്പ് മന്ത്രി |
| (എ) ഹരിതകേരളം മിഷൻ വഴി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത് എന്ന് അറിയിക്കുമോ? | (എ) ഹരിതകേരളം മിഷന്റെ ഭാഗമായി കൃഷി വകുപ്പിന്റെ നേതൃത്വത്തിലുള്ള സുജലം-സുഫലം ഉപമിഷനിലൂടെ നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1.ജൈവകൃഷിയ്ക്ക് പ്രാമുഖ്യം നല്കിയിട്ടുള്ള കൃഷി വികസന പദ്ധതികൾ.<br>2.കേരളത്തിലെ പരമാവധി തരിശുനിലങ്ങളിൽ കൃഷിയിറക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികൾ.<br>3.പച്ചക്കറിയിലും അടിസ്ഥാന കൃഷി ഉല്പന്നങ്ങളിലും സ്വയം പര്യാപ്തത കൈവരിക്കാൻ ലക്ഷ്യമിടുന്ന പദ്ധതികൾ.<br>4.വീട്ടുകളിലും, സ്ഥാപനങ്ങളിലും ഉണ്ടാകുന്ന ജൈവമാലിന്യങ്ങൾ കമ്പോസ്റ്റാക്കി, കൃഷിയ്ക്ക് ഉപയോഗിക്കാൻ ഉതകുന്ന പദ്ധതികൾ<br>5.യന്ത്രവത്കരണം, ഉല്പാദനച്ചെലവ് കുറയ്ക്കൽ, അഗ്രോപാർക്കുകൾ.<br>6.നാടൻ പഴവർഗ്ഗങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ.<br>7.ഉത്തമ കൃഷി രീതികളിലൂടെ സുരക്ഷിത ഭക്ഷ്യോല്പാദനം ലക്ഷ്യമിടുന്ന പദ്ധതികൾ.<br>8.പരിസ്ഥിതി സംരക്ഷണത്തിനും കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കുന്ന പ്രാദേശിക പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ജൈവവൈവിധ്യത്തിന്റെ പച്ചത്തുരുത്തുകൾ സ്ഥാപിക്കാനുള്ള സാങ്കേതിക സഹായം. |

| | |
|---|---|
| (ബി) 2016 ന് ശേഷം എത്ര ഹെക്ടർ സ്ഥലത്ത് കൃഷി അധികമായി നടത്തി എന്നറിയിക്കുമോ? | (ബി) <u>പച്ചക്കറി കൃഷി</u><br>2016-ൽ 52830 ഹെക്ടർ സ്ഥലത്താണ് പച്ചക്കറി കൃഷി ചെയ്തിരുന്നത്. 2018-19 സാമ്പത്തിക വർഷ അവസാനം 82166.55 ഹെക്ടർ ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ 3 വർഷമായി 29336.55 ഹെക്ടർ സ്ഥലത്ത് അധികമായി പച്ചക്കറി കൃഷി നടത്തുവാൻ സാധിച്ചു.<br><u>ജൈവ കൃഷി</u><br>2016 ന് ശേഷം സംസ്ഥാനത്ത് ജൈവകൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതിപ്രകാരം 47800 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി വ്യാപിപ്പിച്ചു.<br>കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ പരമ്പരാഗത കൃഷി വികാസ് യോജനയിൽ 12380 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി നടത്തി വരുന്നു.<br><u>നെൽ കൃഷി</u><br>2015-16 സാമ്പത്തിക വർഷം 196870 ഹെക്ടർ നെൽ കൃഷിയാണ് ചെയ്തിരുന്നത്. 2018-19 സാമ്പത്തിക വർഷത്തിൽ 2,02,985 ഹെക്ടർ നെൽകൃഷി ചെയ്തിരുന്നു. 2018-19 -ലെ ഏറ്റവും പ്രതികൂലമായ അവസ്ഥയിലും, 6115 ഹെക്ടർ സ്ഥലത്ത് അധികമായി കൃഷി ചെയ്യാൻ സാധിച്ചു. |

**ഡെപ്യൂട്ടി സെക്രട്ടറി**